# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2442** **23.01.2014- ൽ മറുപടിക്ക്**

## "ആലപ്പുഴ ജില്ലയിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. തിലോത്തമൻ** | **ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| എ) വ്യവസായ വകുപ്പിൻ കീഴിൽ ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച സംരംഭങ്ങൾ ഏതെല്ലാമാണെന്നും ഈ സംരംഭങ്ങൾ ഏതെല്ലാം മണ്ഡലങ്ങളിലാണെന്നും വ്യക്തമാക്കുമോ; ഇതിനു വേണ്ടി സർക്കാരിന്റെ മുതൽ മുടക്ക് എത്രയാണെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ; | എ) ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലയിൽ സർക്കാർ മുതൽ മുടക്കിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ ഇ.എം. പാർട്ട്-2 അക്നോളഡ്ജ്മെന്റ് പ്രകാരം ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, അമ്പലപ്പുഴ, ആലപ്പുഴ, കുട്ടനാട്, അരൂർ, ചേർത്തല, കായംകുളം മണ്ഡലങ്ങളിലായി 2629 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 362.07 കോടി നിക്ഷേപവും 16,662 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.<br><br>കെ.എസ്.ഐ.ഡി.സി യുടെ സഹായത്തോടെ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച വ്യവസായ പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽപ്പെടുന്ന 5 പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു. |

| നം | പദ്ധതിയുടെ പേര് | മുതൽ മുടക്ക് (രൂപ ലക്ഷം) | തൊഴിലവസരം | നിയോജക മണ്ഡലം |
|---|---|---|---|---|
| 1. | എക്സൽ ഗ്ലാസ്സസ് ലിമിറ്റഡ്. (പുനരുദ്ധാരണം) | 725.00 | 1000 | ചെങ്ങന്നൂർ |
| 2. | കേര മാറ്റ്വല്ല പ്രൈവറ്റ് ലിമിറ്റഡ്. (വികസനം) | 212.00 | 06 | അരൂർ |
| 3. | ഫുഡ്കോ ഡെലിക്കസീസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്. | 400.00 | 115 | അരൂർ |
| 4. | ജിയോ അക്വാട്ടിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്. | 600.00 | 185 | അരൂർ |
| 5. | ബി.ത്രി. എക്യൂപ്മെന്റ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്. | 175.00 | 80 | അരൂർ |

| | |
|---|---|
| ബി) വ്യവസായ വകുപ്പിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതെല്ലാമെന്നും ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ? | ബി) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി [E.S.S]. |

സെക്ഷൻ ഓഫീസർ